# 'വൈഗ-'യുടെ സന്ദേശവുമായി ഫ്ലാഷ് മോബ്

Madhyamam 25.12.17

**തൃശൂർ:** കാർഷികോൽപന്ന സംസ്കരണ-മൂല്യ വർധനവ് ലക്ഷ്യമിട്ട് 27 മുതൽ 31 വരെ തൃശൂർ കാർഷിക സർവകലശാല ആസ്ഥാനത്തു സംഘടിപ്പിക്കുന്ന 'വൈഗ-2017', അന്താരാഷ്ട്ര പ്രദർശനത്തിൻെറയും ശിൽപശാലയുടെയും പ്രചാരണാർഥം കൃഷി വകുപ്പ് ഫ്ലാഷ് മോബ് സംഘടിപ്പിച്ചു. സംസ്ഥാന കൃഷിവകുപ്പ്, കാർഷിക സർവകലശാല എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ശിൽപശാല.

കാർഷിക സർവകലശാലയിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ തൃശൂർ ക്ഷേത്ര പരിസരം, ശക്തൻ ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലാണ് ഫ്ലാഷ് മോബ് സംഘടിപ്പിച്ചത്.

ശ്രീലങ്ക, മലേഷ്യ, തായ്ലൻഡ് തുടങ്ങി ഇരുപതോളം രാജ്യങ്ങളിലെ വിദഗ്ധർ, കർഷകർ എന്നിവർ ശിൽപശാലയിൽ പങ്കെടുക്കും. കൃഷി സ്റ്റാർട്ടപ്പുകൾ, നവീന സംരംഭകത്വം എന്നിവയെല്ലാം ലക്ഷ്യമിട്ട് നടത്തുന്ന ശിൽപശാല കർഷകർക്കും യുവ സംരംഭകർക്കും ഗുണകരമാകും.